**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2744** **12-07-2022 - ൽ മറുപടിയ്ക്ക്**

**സമാജവാദി കോളനിയുടെ അടിസ്ഥാന പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ മണ്ഡലത്തിലെ തോട്ടാടയിൽ സ്ഥിതിചെയ്യുന്ന സമാജവാദി കോളനിയുടെ അടിസ്ഥാന പ്രശ്നം പരിഹരിക്കാൻ സർക്കാർ മുൻ കൈ എടുക്കുമോ; വിശദമാക്കാമോ; | (എ) | അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രസ്തുത കോളനിയെ 2013-14 വർഷത്തിലെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വീടുകൾക്ക് പ്ലാസ്റ്ററിംഗ്, വീടുകൾക്ക് വൈറ്റ് സിമന്റ് വാഷിംഗ്, സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, റോഡ് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ്, സൈഡ് ബ്ലോക്ക് ഇന്റർലോക്ക്, അഴുക്കുചാൽ നിർമ്മാണം, അംഗൻവാടിക്ക് സംരക്ഷണഭിത്തി, ടോയ് ലറ്റ്, ബാത്ത്റൂം നിർമ്മാണം, വാട്ടർ സപ്ലൈ സ്കീം, സെപ്റ്റിക്ക് ടാങ്ക് നിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട് . |
| (ബി) | ജനങ്ങൾ തിങ്ങി പാർക്കുന്ന കോളനിയിൽ ശുദ്ധജല ലഭ്യതയ്ക്കും മാലിന്യ സംസ്കരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | ശുദ്ധജല ലഭ്യതക്കായി കുഴൽകിണർ സ്ഥാപിച്ച് 5 എച്ച്.പി പമ്പ് സെറ്റ് സ്ഥാപിച്ച് വാട്ടർസപ്ലൈ സ്കീം നടപ്പിലാക്കിയിട്ടുണ്ട്. മാലിന്യടാങ്ക്, ടോയ് ലറ്റ്, ബാത്ത്റൂം, സെപ്റ്റിക് ടാങ്ക് എന്നിവ നിർമിച്ചിട്ടുണ്ട്.` |
| (സി) | കോളനിയിലെ ജനങ്ങൾക്ക് താമസിക്കാൻ ലൈഫ് പദ്ധതിയിൽപ്പെടുത്തി താമസ സൗകര്യം ഏർപ്പെടുത്തുമോ? | (സി) | ലൈഫ് ഭവന പദ്ധതിയിൽ വീടുകൾ അനുവദിക്കുന്നത് കോളനി അടിസ്ഥാനമാക്കിയല്ല. സംസ്ഥാനത്തിലെ മുഴുവൻ ഭവന രഹിതർക്കും പാർപ്പിട സുരക്ഷ ഉറപ്പാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത് |

സെക്ഷൻ ഓഫീസർ